# പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതി 2016

# ആനിമേറ്റർമാർക്കുള്ള ത്രിദിന പരിശീലന പരിപാടി റിപ്പോർട്ട്

# കാസർഗോഡ്

കാസർഗോഡ് കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതി 2016 പട്ടികവർഗ്ഗ ആനിമേറ്റർമാർക്കുള്ള ത്രിദിന പരിശീലന പരിപാടി 2016 നവംബർ 14,15,16 എന്നീ തിയ്യതികളിലായി പടന്നക്കാട് കൃഷ്ണപിള്ള നഗറിലെ ശാന്തിഗ്രാം ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. 2016 നവംബർ 14–ാം തിയ്യതി രാവിലെ 10.30 ന് നീലേശ്വരം നഗരസഭാ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ കാസർഗോഡ് ജില്ലാമിഷൻ കോർഡിനേറ്റർ ശ്രീ. അബ്ദുൾ മജീദ് ചെമ്പരിക്ക പരിശീലന പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചു.സംസ്ഥാന മിഷൻ പട്ടികവർഗ്ഗ സുസ്ഥിരവികസന പദ്ധതി പ്രോഗ്രാം മാനേജർ ശ്രീ. പ്രഭാകരൻ. എം മുഖ്യാത്ഥിയായി. കാസർഗോഡ് ജില്ലയിലെ 30 ആനിമേറ്റർമാരും കണ്ണൂർ ജില്ലയിലെ 11 ആനിമേറ്റർമാരും പങ്കെടുത്ത പരിശീലന പരിപാടിയിൽ കാസർഗോഡ് ജില്ലാമിഷൻ പട്ടികവർഗ്ഗ കൺസൾട്ടന്റ് ഇൻ ചാർജ്ജ് ശ്രീമതി.ജോസ്ന ജോസ് സ്വാഗതവും കണ്ണൂർ പട്ടികവർഗ്ഗ ആനിമേറ്റർ കോർഡിനേറ്റർ ജോബി നന്ദിയും പറഞ്ഞു.




ഉദ്ഘാടനത്തിനു ശേഷം ശ്രീ.പ്രഭാകരൻ. എം നയിച്ച മോട്ടിവേഷൻ ക്ലാസ്സോടു കൂടി പരിശീലന ക്ലാസ്സുകൾ ആരംഭിച്ചു. വിവരങ്ങൾ കൃത്യസമയത്ത് സുതാര്യതയോടെ എത്തിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് മോട്ടിവേഷൻ ക്ലാസ്സിലൂടെ മനസ്സിലാക്കാൻ സാധിച്ചു. കുടുംബശ്രീയെക്കുറിച്ചും , പട്ടികവർഗ്ഗ വികസന വകുപ്പിനെക്കുറിച്ചും 30 ചോദ്യങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് തുളു ട്രെയിനിംഗ് ടീം അംഗം ശ്രീ.പ്രദീപ്. കെ പ്രീടെസ്റ്റ് നടത്തി.



ഉച്ചഭക്ഷണത്തിനു ശേഷം ശ്രീ.പ്രഭാകരൻ. എം ആനിമേറ്റേഴ്സിനെ 6 ഗ്രൂപ്പുക ളായി തിരിച്ച് തികച്ചും വ്യത്യസ്തമായി പരിചയപ്പെടുന്നതിനുള്ള അവസരം ഒരുക്കി. തുടർന്ന് കുടുംബശ്രീ സംഘടനാ സംവിധാനം എന്ന വിഷയത്തെ ആസ്പദമാക്കി തുളു ട്രെയിനിംഗ് ടീം അംഗം കൃഷ്ണൻ.ബി ക്ലാസ്സ് കൈകാര്യം ചെയ്തു. കുടുംബശ്രീയുടെ ആവിശ്യകത,പട്ടികവർഗ്ഗ കുടുംബശ്രീ ശാക്തീകരണം എന്നിവയ്ക്ക് ഊന്നൽ നൽകി. സംസ്ഥാന തലത്തിൽ അയൽക്കൂട്ടങ്ങളുടെ വിവരണങ്ങൾ നൽകികൊണ്ട് കുടുംബ ശ്രീയെകുറിച്ച് വിശദീകരിച്ചു. സംശയനിവാരണത്തിനുശേഷം ക്ലാസ്സ് അവസാനിപ്പിച്ചു.

ഡി.ടി.സി ട്രെയിനിംഗ് ടീം അംഗം ബാലാമണി. എം ലഘുനിക്ഷേപ വായ്പ പദ്ധതി എന്ന വിഷയത്തെക്കുറിച്ചുള്ള ക്ലാസ്സ് വളരെ ലളിതമായരീതിയിൽ കൈകാര്യംചെയ്തു. ജനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ട് എന്തൊക്കെയാ ണെന്നും ഈ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു വെന്നും ഒരു സർക്കിളിലെ ഉദാഹരണങ്ങൾ കാണിച്ച്കൊണ്ട് വിശദീകരിച്ചു. കുടും ബശ്രീവായ്പ പദ്ധതിയിലെ സുതാര്യത,പരസ്പര സഹായം,മിതവ്യയം ശീലിക്കേണ്ട തിന്റെ ആവശ്യകത അതിലൂടെ ലഘുനിക്ഷേപം ഉണ്ടാക്കുന്നതിന്റെ കാര്യങ്ങൾ വളരെ ആഴത്തിൽ മനസ്സിലാക്കാൻ സാധിച്ചു. ആനിമേറ്റേഴ്സിന്റെ സംശയങ്ങൾക്ക് മറുപടി പറ ഞ്ഞ് കൊണ്ട് ക്ലാസ്സ് അവസാനിപ്പിച്ചു.

ആശ്രയ എന്ന വിഷയം ആസ്പദമാക്കി ഡി.ടി.സി ട്രെയിനിംഗ് ടീം അംഗം പ്രസീന. കെ. വി ക്ലാസ്സ് ആരംഭിച്ചു. അടിസ്ഥാന സൗകര്യങ്ങളായ ഭക്ഷണം,വസ്ത്രം, പാർപ്പിടം,വിദ്യാഭ്യാസം എന്നീ മേഖലയിൽ ദരിദ്രരിൽ ദരിദ്രരായ ആളുകളെ കണ്ടെത്തി അവർക്കാവശ്യമായ സൗകര്യങ്ങൾ നൽകി അവരെ സമൂഹത്തിൽ എല്ലാ നിലയിലും ഉയർത്തിക്കൊണ്ടുവരാൻ ആശ്രയ പദ്ധതി ഊന്നൽ നൽകുന്നുവെന്നും മനസിലാക്കാൻ ഈ ക്ലാസ്സ് കൊണ്ട് സാധിച്ചു. തുടർന്ന് ഡി.ടി.സി ട്രെയിനിംഗ് ടീം അംഗം രതീഷ്.കെ മോട്ടിവേഷൻ ക്ലാസ്സിലൂടെ എങ്ങനെ തങ്ങളുടെ ദൗത്യം വിജയത്തിലെത്തിക്കാം? അതിന് ആത്മാർത്ഥത,അർപ്പണ മനോഭാവം എന്നിവ ഒരു ആനിമേറ്റർ ആർജ്ജിച്ചെടുക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കാൻ ഈ മോട്ടിവേഷൻ ക്ലാസ്സിലൂടെ സാധിച്ചു. തുടർന്ന് മൂന്നാം ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു. കാസർഗോഡ് ജില്ലാ ആനി മേറ്റർ കോർഡിനേറ്റർ സുനിത ഒന്നാം ദിവസത്തെ പരിശീലന പരിപാടിയിൽ നന്ദി പറ ഞ്ഞു കൊണ്ട് അവസാനിപ്പിച്ചു.



രണ്ടാംദിവസത്തെ പരിശീലന പരിപാടി 2016 നവംബർ 15–ാം തിയ്യതി രാവിലെ 9 മണിക്ക് ആരംഭിച്ചു. തുളു ട്രെയിനിംഗ് ടീം അംഗം കൃഷ്ണൻ.ബി. ഊരുകൂട്ടം എന്ന വിഷയത്തെ ആസ്പതമാക്കിയാണ് സാർ ക്ലാസ്സ് ആരംഭിച്ചത്. ഊരുകൂട്ടയോഗത്തിൽ ജന പങ്കാളിത്തം,ഊരുകൂട്ടയോഗം വിളിച്ച് ചേർക്കേണ്ടതിന്റെ ആവിശ്യകത എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ടായിരുന്നു ക്ലാസ്സ്കൈകാര്യംചെയ്തത്. ഊരുകൂട്ട യോഗത്തിനെ കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ ഈ ക്ലാസ്സ്കൊണ്ട് സാധിച്ചു.



ഡി.ടി.സി ട്രെയിനിംഗ് ടീം അംഗം രതീഷ് മൈക്രോസംരംഭം എന്ന വിഷയം കൈകാര്യം ചെയ്തു. ആർ.എം.ഇ(റൂറൽമൈക്രോഎന്റർപ്രൈസസ്),യുവശ്രീ എന്നിവയെകുറിച്ചും വിവിധ പരിശീലന പരിപാടികളെകുറിച്ചും,വിപണന സംവിധാനങ്ങളെക്കുറിച്ചും ക്ലാസ്സിൽ വിശദീകരിച്ചു. വിവിധ സംരംഭങ്ങളെകുറിച്ചും അതിന്റെ വിപണന സാധ്യതകളെകുറിച്ചും നന്നായി മനസ്സിലാക്കാൻ സാധിച്ചു. സംശയനിവാരണത്തിനു ശേഷം ക്ലാസ്സ് അവസാനിപ്പിച്ചു. ഡി.ഡി.യു-ജി.കെ.വൈ എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് കൈകാര്യം ചെയ്തത് ഡി.ഡി.യു-ജി.കെ.വൈ ബ്ലോക്ക് കോർഡിനേറ്റർ ശ്രീമതി. ജോസ്ന ജോസ്. തൊഴിൽരഹിതരായ യുവതി-യുവാക്കൾക്ക് തൊഴിൽ പരിശീലനവും തൊഴിലും ലഭ്യമാക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. അതിന് ഊരിലെ ആളുകളെ സജ്ജമാക്കുകയെന്നതാണ് ആനിമേറ്ററുടെ ദൗത്യമെന്നും ഇതിന്റെ ആവശ്യകതയെക്കുറിച്ചും മനസ്സിലാക്കാൻ സാധിച്ചു.

സംഘകൃഷി പിന്തുണ സംവിധാനം എന്ന വിഷയത്തെക്കുറിച്ച് ഡി.ടി.സി ട്രെയിനിംഗ് ടീം അംഗം ശ്രീമതി. ബാലാമണി ക്ലാസ്സെടുത്തു. സംഘകൃഷിയെക്കുറിച്ചും അതിലെ മാനദണ്ഡങ്ങൾ ജെ. എൽ.ജി എസ്.ടി കോർപ്പസ് ഫണ്ട് ,ഇൻസെന്റീവ് ഗ്രാന്റ് എന്നിവയെക്കുറിച്ച് ക്ലാസ്സിൽ വളരെ വിശദമായി പറഞ്ഞുതന്നു. ആനിമേറ്റർമാരുടെ സംശയങ്ങൾക്ക് മറുപടി നൽകികൊണ്ട് ക്ലാസ്സ് അവസാനിപ്പിച്ചു.

ഉച്ചഭക്ഷണത്തിന് ശേഷം തുളു ട്രെയിനിംഗ് ടീം അംഗം ശ്രീ. പ്രദീപ് ബാലസഭ എന്ന വിഷയം കൈകാര്യം ചെയ്തു. ബാലസഭയെക്കുറിച്ചും ബാലസഭയിലെ ഓരോ സമിതിയെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും വിശദീകരിച്ചു. തുടർന്ന് കുടുംബശ്രീ ̈ അയൽക്കൂട്ടത്തിൽ നടക്കുന്ന ഇടപാടുകൾ രേഖപ്പെടുത്തുന്ന വിവിധ രജിസ്റ്ററുകളും അവ കൈകാര്യംചെയ്യേണ്ട വിധവും ഉദാഹരണസഹിതം ഡി.ടി.സി ട്രെയിനിംഗ് ടീം അംഗം ശ്രീമതി. ബാലാമണി വിവരിച്ചു തന്നത് കൊണ്ട് കൂടുതൽ കാര്യങ്ങൾ ക്ലാസ്സിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ആനിമേറ്റർമാരിൽ സ്ത്രീകളും,പുരുഷൻമാരും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംശയങ്ങൾ ദൂരീകരിച്ചു.

മഹാത്മാഗാന്ധിദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി എന്ന വിഷയം തുളു ട്രെയിനിംഗ് ടീം അംഗം ശ്രീ.കൃഷ്ണൻ.ബി കൈകാര്യം ചെയ്തു. എസ്.ടി മേഖലയിൽ തൊഴിലുറപ്പുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ചർച്ചചെയ്തു. എസ്.ടി വിഭാഗത്തിലെ ആളുകൾ തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളാകുന്നത് വളരെകുറച്ച് പേർ മാത്രമാണ്. കൂലികുറവായതിനാലും,സമയത്ത് കൂലി ലഭിക്കാത്തതും,ഇതിന്റെ കാരണങ്ങളായി പറയുന്നു. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ മുഴുവൻ അംഗങ്ങളുടെയും പങ്കാളിത്തം

ഉറപ്പ്‌വരുത്താൻ ആനിമേറ്റർമാർ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്തു.

ഡി.ടി.സി ട്രെയിനിംഗ് ടീം അംഗം കുമാരി.പ്രസീന ജെന്റർ–സ്ത്രീപദവിസ്വയം പഠനം എന്ന വിഷയത്തെക്കുറിച്ചാണ് ക്ലാസ്സ് എടുത്തു. ഇന്ന് സമൂഹത്തിൽ ഏറ്റവും കൂടുതൽ അതിക്രമങ്ങൾക്ക് ഇരയാകുന്നത് സ്ത്രീകളാണ്. സമൂഹത്തിൽ അവർക്കുള്ള സ്ഥാനം അവർ സ്വയം വിലയിരുത്തുകയും അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുക വഴി സമൂഹത്തിൽ സ്ത്രീക്ക് അവരുടെ പദവി നേടിയെടുക്കാൻ സജ്ജ്മാക്കുകയാണ് ചെയ്യേണ്ടത്. രാത്രി ഭക്ഷണത്തിന് ശേഷം ഓരോ ഗ്രൂപ്പുകളും സ്കിറ്റ് അവതരിപ്പിച്ചു. ജെന്റർ, ഡി.ഡി.യു.ജി.കെ.വൈ, ഊരിലെ പ്രശ്നം പരിഹരിക്കുന്ന ആനിമേറ്റർ, ആശ്രയ, തൊഴിലുറപ്പ്, സംരംഭം എന്നീ വിഷയങ്ങളാണ് ഓരോ ഗ്രൂപ്പുകളും അവതരിപ്പിച്ചത്. വളരെ നന്നായിതന്നെ എല്ലാ ഗ്രൂപ്പുകളും സ്കിറ്റ് അവതരിപ്പിച്ചു. അതിന് ശേഷം നാലാം ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു.



പ്രിൻസ് ആന്റ് പ്രിൻസസ്

പരിശീലന പരിപാടിയുടെ മൂന്നാംദിവസം ഡി.എം.സി, ടി.ഡി.ഒ എന്നിവർ പരിശീലന പരിപാടി സന്ദർശിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് ടി.ഡി.ഒ ശ്രീ.കൃഷ്ണ പ്രകാശ് വിശദീകരിക്കുകയും ആനിമേറ്റർമാരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ത്രിദിന പരിശീലനത്തിൽ ആനിമേറ്റേഴ്സിന് ലഭിച്ച അനുഭവങ്ങളും ക്ലാസ്സിനെക്കുറിച്ചും വിലയിരുത്തി സംസാരിച്ചു.

തുടർന്ന് ആനിമേറ്റേർസിന്റെയും ആനിമേറ്റർ കോർഡിനേറ്ററുടെയും ചുമതലകൾ എന്തൊക്കെയാണെന്ന് വിശദീകരിച്ചു.



ത്രിദിന പട്ടികവർഗ്ഗ ആനിമേറ്റർമാർക്കുള്ള പരിശീലന പരിപാടിയുടെ സമാപന യോഗത്തിൽ തുളു ട്രെയിനിംഗ് ടീം അംഗം ശ്രീ.പ്രദീപ്, സംസ്ഥാന മിഷൻ പട്ടികവർഗ്ഗ സുസ്ഥിരവികസന പദ്ധതി പ്രോഗ്രാം മാനേജർ ശ്രീ.പ്രഭാകരൻ.എം , സംസ്ഥാന മിഷൻ എൻ.ആർ.എൽ.എം ഓഫീസർ ശ്രീ.അജിത്ത് ചാക്കോ ,തുളു ടീം അംഗം ശ്രീ.കൃഷ്ണൻ.ബി എന്നിവർ പങ്കെടുത്തു. പരിശീലന പരിപാടിയുടെ നന്ദി അർപ്പിച്ച് ശ്രീമതി.ജോസ്ന ജോസ് സംസാരിച്ചു.

